# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .399 — 27/09/2016-ൽ മറുപടിക്ക്

### അരിപ്പാറ - ചെറുകിട ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>**ശ്രീ. ജോർജ്ജ് എം. തോമസ്** | | ഉത്തരം<br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സിയാൽ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി അരിപ്പാറയിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം മൂലം പരിസര പ്രദേശത്തിലെ ആളുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും പരിസരവാസികളുടെ വീടുകൾ സംരക്ഷിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് തിരുവമ്പാടി, അരിപ്പാറയിൽ നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതി പ്രദേശം പരിശോധിയ്ക്കുകയുണ്ടായി. തുടർന്ന് സ്ഥലം എം.എൽ.എ യും, പഞ്ചായത്ത് മെമ്പർ, സിയാൽ ഉദ്യോഗസ്ഥർ അവരുടെ കോൺട്രാക്ടർ എന്നിവർ ചർച്ച നടത്തുകയും ചർച്ചയുടെ ഭാഗമായി പ്രത്യേക ശ്രദ്ധയോട്ടുകൂടി പദ്ധതി പ്രവർത്തനങ്ങൾ ഇനി നടത്താമെന്നും പരിസരവാസികളുടെ വീട്ടുകൾക്ക് എന്തെങ്കിലും തകരാറ് വന്നിട്ടുണ്ടെങ്കിൽ അത് തീർത്തുകൊടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ